## പതിമൂന്നാം കേരളനിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 401** 12.06.2012 **ൽ മറുപടിയ്ക്ക്**

### സൗരഗൃഹ പദ്ധതി

**ചോദ്യം**

ശ്രീ. എ. കെ. ശശീന്ദ്രൻ

(എ) സൗരഗൃഹപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങളും പുരോഗതിയും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്റർനാഷണൽ കോൺഫറൻസിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജ-ഗതാഗതവകുപ്പുമന്ത്രി)

(എ) സൗരഗൃഹ പദ്ധതിയിൽ 2012-13 സാമ്പത്തിക വർഷം 10000 വീടുകളിൽ ഒരു കിലോവാട്ട് സൗരോർജ്ജ പവർ പ്ലാന്റുകൾ വീതം 10 മെഗാവാട്ട് സൗര വൈദ്യുത പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനു പുറമെ സംസ്ഥാന സർക്കാരിൽ നിന്നുള്ള സബ്സിഡി കൂടി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. പുതിയതും പുതുക്കാവുന്നതുമായ ഊർജ്ജ മന്ത്രാലയത്തിനും, സംസ്ഥാന സർക്കാരിനും ഈ പദ്ധതി സമർപ്പിച്ചിട്ടുണ്ട്

(ബി) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ഇന്റർ നാഷണൽ കോൺഫറൻസിൽ ഉരുത്തിരിഞ്ഞു വന്ന പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. കേരളത്തിൽ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദനത്തിനായി സൗരഗൃഹ പദ്ധതി നടപ്പിലാക്കുന്നതായിരിക്കും കൂടുതൽ ഫലപ്രദം.

2. വീടുകളിൽ ഉൽപ്പാദിപ്പിക്കുന്ന സൗരവൈദ്യുതി ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുത കമ്പികളിലൂടെ പ്രസരണം നടത്താനുള്ള നയവും പരിശോധനാസംവിധാനങ്ങളും ഉണ്ടാക്കുകയും ഇങ്ങനെ ലഭിക്കുന്ന വൈദ്യുതി ഇലക്ട്രിസിറ്റി ബോർഡിന് നല്കാവുന്നതാണ്

3. ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് നൽകേണ്ട വില കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മുൻകൈ എടുത്ത് തീരുമാനിക്കണം.

4. 2012-13 വർഷത്തിൽ 10000 വീടുകളിൽ സൗരഗൃഹ പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം.

5. സൗര ഗൃഹ പദ്ധതിയ്ക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

**സെക്ഷൻഓഫീസർ**